ജലവിഭവ വകുപ്പ്
കേരള സർക്കാർ

# ജലതരംഗം
## വാർത്താ പത്രിക

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി)

മാർച്ച് 2017 | ലക്കം 4 | പുസ്തകം 4

## എഡിറ്റോറിയൽ



മാർച്ച് 22 ലോകമെമ്പാടും ജലദിനമായി ആചരിക്കുകയാണ്. ഭൂമിയിലെ സകല ജീവജാലങ്ങളുടെയും നിലനിൽപിന് ആധാരമായ ജലം സംരക്ഷിക്കപ്പെടേണ്ടതിന്റേയും എല്ലാ ജീവജാലങ്ങൾക്കും ജലലഭ്യത ഉറപ്പുവരുത്തേണ്ടതിന്റേയും ആവശ്യകത പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് ഐക്യരാഷ്ട്രസഭയുടെ ആഹ്വാനപ്രകാരം മാർച്ച് 22 ലോക ജലദിനമായി ആചരിക്കുന്നത്. 'മലിനജലം' എന്നതാണ് ഈ വർഷത്തെ പ്രമേയം. Recycle, Reduce, Re-use എന്നതാണ് ശരിയായ ജലവിനിയോഗത്തിന്റെ കാതൽ. വികസനത്തിന്റെ അളവുകോൽ സാമ്പത്തിക മാനദണ്ഡം മാത്രമാണെന്ന തെറ്റായ വികസന കാഴ്ചപ്പാട് പരിസ്ഥിതിക്ക് ഏൽപിച്ച ആഘാതം നമുക്ക് വിസ്മരിക്കാൻ കഴിയില്ല. വെള്ളം, വായു, മണ്ണ് ഇവ മൂന്നും ജീവജാലങ്ങളുടെ നിലനിൽപ്പിന് അനിവാര്യമാണ്. എന്നാൽ മലിനമായ മണ്ണും വെള്ളവും, വായുവും സകല ജീവജാലങ്ങളുടെയും അന്തകരായി മാറുന്നതാണ് സമീപകാല കാഴ്ചകൾ. ജലം ഏറ്റവും വലിയ സമ്പത്താണെന്ന് അഭിമാനിച്ച ഒരു തലമുറ ഉണ്ടായിരുന്നു. ഉയർന്ന പരിഗണന അന്നവർ ജലത്തിന് നൽകുകയും ചെയ്തു. എന്നാൽ ആ യാഥാർത്ഥ്യം ഇന്ന് വിസ്മൃതിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു.

വൈരുധ്യങ്ങളുടെ നാടായി കേരളം മാറിക്കൊണ്ടിരിക്കുന്നു. സമ്പത്തിന്റെ നടുവിൽ ദാരിദ്ര്യം. വേനലിൽ ടാങ്കർലോറികളിൽ ജലവിതരണം എന്നാൽ കാലവർഷത്തിൽ ദുരിതാശ്വാസക്യാമ്പുകൾ വർഷം 3000 മില്ലിമീറ്റർ മഴപെയ്യുമ്പോഴും വെള്ളം വറ്റിയ കിണറുകൾ. 44 നദികൾ ഉണ്ടായിട്ടും ജലലഭ്യതയിൽ ഇനിയും സ്വയംപര്യാപ്തത കൈവരിക്കാൻ നമുക്കാവുന്നില്ല.

ഈ വൈരുധ്യങ്ങളുടെ നടുവിലും ജലനിധിയെ പ്രതീക്ഷയോടെ കാണുന്ന ഒരു വലിയ സമൂഹം കേരളത്തിലുണ്ട്. അവരുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാൻ നാം സജ്ജരാകണം. മഴത്തുള്ളികൾ പ്രകൃതിയുടെ വരദാനമാണെന്നും അത് നിധിപോലെ കാത്തുസൂക്ഷിച്ച് വരുംതലമുറക്ക് കൈമാറുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണെന്നും നാം തിരിച്ചറിയേണ്ടതുണ്ട്.

കാലാവസ്ഥ വ്യതിയാനം മനുഷ്യ സൃഷ്ടിയാണെന്ന് സമ്മതിച്ച നാം പ്രതിവിധികൾ എഴുതി പുസ്തകതാളുകൾ നിറച്ചു. അവ പ്രവൃത്തിപഥത്തിലെത്തിക്കാൻ അമാന്തിക്കുന്നത് പ്രശ്നം കൂടുതൽ രൂക്ഷമാക്കുന്നു. പ്രവചനങ്ങൾക്ക് ഇനി പ്രസക്തിയില്ല. നാം ഭയപ്പെട്ടതെല്ലാം സംഭവിച്ചു കൊണ്ടിരിക്കുന്നു. ഇടമുറിയാത്ത ഇടവപ്പാതിയും ഇടിമുഴക്കത്തിന്റെ അകമ്പടിയോടെ തുള്ളിക്കൊരുകുടം എന്ന കണക്കിൽ പെയ്തിറങ്ങിയിരുന്ന തുലാമഴയും നമുക്ക് ഇന്ന് നേർത്ത ഒരു ഓർമ്മ മാത്രമായിരിക്കുന്നു. വരണ്ടുണങ്ങിയ പുഴകളും തോടുകളും കുളങ്ങളും കരിഞ്ഞുണങ്ങിയ നെൽപ്പാടങ്ങളും പുൽമേടുകളും നോക്കി നിസംഗരായിരിക്കാൻ ഇനിയും നമുക്കാവില്ല. പ്രകൃതി അതിന്റെ സർവ്വ മനോഹാരിതയോടും കൂടി നിലനിന്നേ പറ്റൂ, അഥവാ നില നിർത്തിയേ പറ്റൂ. തലമുറകൾക്ക് അവകാശപ്പെട്ടതാണ് ഭൂമിയും അതിലെ സകലതും.

ജലം ജീവനാണെന്ന തിരിച്ചറിവിനോടൊപ്പം ജലോപയോഗത്തിൽ നിയന്ത്രണം കൊണ്ടുവരാനും ജല ശേഖരണവും ജലപരിപോഷണവും പുനരുപയോഗവും ശീലമാക്കാനും നമുക്ക് സാധിക്കണം. ഭൂഗർഭജലം പരമാവധി കാത്തുസൂക്ഷിക്കാം അത് അമൂല്യ സമ്പത്താണ്. മണ്ണിന്റെ പ്രാർത്ഥനയായ മഴയെ ആഘോഷത്തോടെ സ്വീകരിച്ച് മണ്ണിനുതന്നെ നൽകാൻ നമുക്ക് കൈകോർക്കാം.

**എ.ആർ. അജയകുമാർ ഐ.എ.എസ്.**
എക്സിക്യൂട്ടീവ് ഡയറക്ടർ

## വി.ജെ. കുര്യൻ ഐ.എ.എസിന് ജലനിധിയുടെ ഊഷ്മളമായ യാത്രയയപ്പ്



സ്ഥാനം ഒഴിഞ്ഞ വി.ജെ.കുര്യൻ ഐ.എ.എസിന് ജലനിധിയുടെ നേതൃത്വത്തിൽ ഊഷ്മളമായ യാത്രയയപ്പ് നൽകി. ജലവിഭവ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയും ജലനിധിയുടെ ചെയർമാനും ആയിരുന്നു അദ്ദേഹം. ജലനിധിയുടെ സ്നേഹോപഹാരം ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസ് ചടങ്ങിൽ വെച്ച് അദ്ദേഹത്തിനു കൈമാറി. ടി.കെ. ജോസ് ഐ.എ.എസ്. (എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറി), ടിങ്കു ബിസ്വാൾ ഐ.എ.എസ്. (ജലവിഭവ വകുപ്പ് സെക്രട്ടറി), എ.ആർ, അജയകുമാർ ഐ.എ.എസ്. (ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ) തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.

## ജലനിധിയിൽ പുതിയ എക്സി. ഡയറക്ടർ ചുമതലയേറ്റു



കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസിയുടെ (കെ.ആർ.ഡബ്ല്യൂ.എസ്.എ.) (ജലനിധി) പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി എ.ആർ. അജയകുമാർ ഐ.എ.എസ്. ചുമതലയേറ്റു.

# ജലനിധിപദ്ധതികളുടെ സാങ്കേതിക ഗുണമേന്മ: സുസ്ഥിരതയുടെ അളവുകോൽ

- ശ്രീനിവാസറാവു പൊടിപ്പിറെഡ്ഡി

ഗുണഭോക്താക്കളുടെ പരിപൂർണ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ജലനിധി പദ്ധതികളുടെ സാങ്കേതിക മേഖലകളിലെ ഗുണമേന്മ ഉറപ്പുവരുത്തിയാലെ ജലനിധി സ്വീകാര്യവും സുസ്ഥിരവുമാവുകയുള്ളൂ എന്ന് ലോകബാങ്ക് ടാസ്ക് ടീം ലീഡർ ശ്രീനിവാസറാവു പൊടിപ്പിറെഡ്ഡി അഭിപ്രായപ്പെട്ടു. ലോകബാങ്ക് പ്രതിനിധികളുടെ സന്ദർശനവുമായി ബന്ധപ്പെട്ട് വിവിധ പഞ്ചായത്തുകളിലെ ജലനിധി പദ്ധതികൾ സന്ദർശിച്ച് ജനപ്രതിനിധികളുമായും ഗുണഭോക്താക്കളുമായും ആശയ വിനിമയം നടത്തുകയായിരുന്നു ടീം ലീഡർ. കേരളത്തിലെ കിണറുകൾ മലിനപ്പെടാനുള്ള സാധ്യത വളരെയേറെയായതിനാൽ എല്ലാ വീട്ടിലും ശുദ്ധീകരിച്ച വെള്ളം പൈപ്പുവഴി വിതരണം ചോയ്യേണ്ടതിന്റെ ആവശ്യകതയും ശ്രീനിവാസറാവു വിശദീകരിച്ചു.



ഫെബ്രുവരി 19 മുതൽ മാർച്ച് 3 വരെയുള്ള ദിവസങ്ങളിൽ ഇടുക്കി, മലപ്പുറം,കണ്ണൂർ മേഖലകളിലെ ജലനിധി പഞ്ചായത്തുകളിലാണ് ലോക ബാങ്ക് ടീം സന്ദർശനം നടത്തിയത്. സാങ്കേതിക, സാമൂഹിക മേഖലകളിലെ പ്രവർത്തനങ്ങൾ പഠനവിധേയമാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രതിനിധികളുമായും ഗുണഭോക്തൃസമിതി ഭാരവാഹികളുമായും ഗുണഭോക്താക്കളുമായും പ്രത്യേകം കൂടിക്കാഴ്ചകൾ നടത്തി.

ലോകബാങ്ക് മിഷൻ ടീമിൽ ശ്രീനിവാസറാവു പൊടിപ്പിറെഡ്ഡിക്കു പുറമെ മൈക്ക് വാൻ ഗിന്നെക്കേൻ, ആർ.ആർ. മോഹൻ, ഡി.എം. മോഹൻ, പരിമൾ സദ്ഫൽ, വന്ദന മെഹ്റ, ചൈതന്യ കൃഷ്ണ, സംഗീത പട്ടേൽ, ഇനോക്ക വിജേഗുണവർധനെ, എസ്. രാമാനുജം എന്നിവരുമുണ്ടായിരുന്നു.

ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ എ.ആർ. അജയകുമാർ ഐ.എ.എസുമായും സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ടീം അംഗങ്ങളുമായും കൂടിക്കാഴ്ചകൾ നടത്തുകയും ജലനിധിയുടെ ഭാവി കർമ്മപരിപാടികൾക്ക് രൂപം നൽകുകയും ചെയ്തു.

# ജലം ജീവന്റെ തുടിപ്പ്



ചന്ദ്രൻ വി.
(റീജിയണൽ പ്രോജക്ട് ഡയറക്ടർ)

ചെറുപ്പകാലത്ത് നമ്മളെ അത്ഭുതപ്പെടുത്തുകയോ, അലോസരപ്പെടുത്തുകയോ ചെയ്ത മുതിർന്നവരുടെ കുറേ ശീലങ്ങളുണ്ടായിരുന്നു. എന്തിനായിരുന്നു മഴവെള്ളം ഒഴുകിപ്പോകാൻ സമ്മതിക്കാതെ അവർ മുറ്റത്തിനു തുമ്പുകെട്ടി തടസ്സപ്പെടുത്തിയത്?. പുറത്തെല്ലാം മരങ്ങളും കാടും ഉണ്ടായിട്ടും എന്തിനാ വീട്ടുപറമ്പിൽ പാമ്പുകൾക്കായി ഒരു കാട് സംരക്ഷിച്ചു നിർത്തിയെ? വെള്ളം നിറഞ്ഞു നിൽക്കുന്ന പാടത്ത് എന്തിനാ വരമ്പുകൾ? വീട്ടിൽ കിണർ ഉള്ളപ്പോൾ എന്തിനാ കുളിക്കാൻ കുളങ്ങൾ? നമ്മുടെ കണ്ണിൽ ഇവയെല്ലാം അനാവശ്യവും മാറ്റേണ്ട ശീലങ്ങളുമായിരുന്നു.

ഒട്ടും മടിച്ചില്ലാ, ആദ്യ അവസരത്തിൽ തന്നെ ശീലങ്ങളെല്ലാം നമ്മൾ മാറ്റി. ചാക്കിൽ നിറച്ച് ലോറിയിൽ അരി വരാൻ തുടങ്ങിയതോടെ, നികത്തി വീടും കെട്ടിടങ്ങളും ഉണ്ടാക്കാൻ മാത്രമായി പാടങ്ങൾ. സർപ്പക്കാവുകളിലെ മരങ്ങൾ ഉരുപ്പടികളാക്കി നമ്മൾ പാമ്പുകൾക്ക് കോൺക്രീറ്റ് അമ്പലങ്ങൾ തീർത്തുകൊടുത്തു. കുളി കുളിമുറിയിലേക്ക് മാറിയപ്പോൾ കുളങ്ങൾ വേണ്ടാതായി. കുടുംബം തന്മാത്രയായപ്പോൾ വീട് മതിലിനകത്തായി. മഴവെള്ളത്തിന്റെ സ്ഥാനം മുറ്റത്തുനിന്നും റോഡിലേക്കും ഓടയിലേക്കും അങ്ങിനെ അങ്ങിനെ നമ്മൾ പുതിയ ശീലങ്ങൾ സ്വന്തമാക്കി അഹങ്കരിച്ചു.

പാടങ്ങൾ സ്ലേറ്റിലെ വരകൾപോലെ മാഞ്ഞുപോയി. സർപ്പക്കാവുകൾ ഓർമ്മചിത്രങ്ങൾ മാത്രമായി. കുളങ്ങൾ മാലിന്യം നിക്ഷേപിക്കുവാനുള്ള കുഴികൾ മാത്രമായി. പക്ഷേ ഇതിന്റെ മറുവശം കാണാൻ നമ്മൾ ഏറെ വൈകിപ്പോയി. ഇന്നിപ്പോൾ ഒരിക്കലും ആർക്കും ഇവിടെനിന്ന് കൊണ്ടുപോകാൻ പറ്റില്ല എന്ന് നമ്മൾ അഹങ്കരിച്ചിരുന്ന തിരുവാതിര ഞാറ്റുവേലപോലും നമുക്ക് നഷ്ടപ്പെടുകയാണെന്ന അവസ്ഥയിൽ നാം എത്തിച്ചേർന്നിരിക്കുന്നു.

നാം മാറണം. മാറിയേ പറ്റൂ. അഭിരുചികൾ മാറ്റണം. ചിന്തകൾ മാറ്റണം. മുതിർന്നവരിൽ നിന്നും നമ്മൾ മറന്ന ശീലങ്ങൾ തിരിച്ചെടുക്കണം. അതിനായി നമുക്ക് നഷ്ടപ്പെട്ടത് എന്താണെന്ന് നാം ആദ്യം തിരിച്ചറിയണം. പ്രകൃതിയോട് ചെയ്ത ക്രൂരതകൾക്ക് പ്രായശ്ചിത്തം ചെയ്യണം.

പ്രകൃതിയോടൊപ്പം നടക്കാൻ പഠിക്കണം. പ്രകൃതിക്കുവേണ്ടി വീടിന്റെ, മനസ്സിന്റെ വാതിലുകളും, ജനാലകളും തുറന്നിടണം. അങ്ങനെപുതിയശീലങ്ങളും അറിവുകളും ആർജ്ജിക്കണം. പ്രകൃതി നൽകുന്ന ഓരോന്നും വിലപ്പെട്ടതാണെന്ന് കാണാൻ മനസ്സിനെ ഒരുക്കണം. പകരം വെക്കാനില്ലാത്ത വെള്ളം എന്ന രണ്ട് അക്ഷരത്തിലാണ് ജീവന്റെ തുടിപ്പ് നിലനിൽക്കുന്നത് എന്ന് നാം ഇനിയെങ്കിലും തിരിച്ചറിയണം. ഒരു മഞ്ഞുതുള്ളിയിൽപ്പോലും പ്രപഞ്ചത്തെ പ്രതിഫലിച്ചു കാണാൻ നമുക്ക് സാധിച്ചാൽ നമ്മൾ പ്രകൃതിയുടെ കൈക്കുമ്പിളിൽ സുരക്ഷിതരായി. നമ്മളെ പ്രകൃതിക്ക് ആവശ്യമുള്ളതിന്റെ എത്രയോ ഇരട്ടി അതിനെനമുക്ക് ആവശ്യമുണ്ടെന്ന് ഓർക്കുക. അതിന് നമ്മൾ തയ്യാറായില്ലെങ്കിൽ എന്നും ചെയ്യാറുള്ളതുപോലെ പ്രകൃതി സ്വയം ഒരു തിരഞ്ഞെടുപ്പു നടത്തും. അതു കഴിയുമ്പോൾ ചിലപ്പോൾ പ്രകൃതി നമ്മളെ ചേർക്കുക ആവശ്യമില്ലാത്തവരുടെ പട്ടികയിലായിരിക്കും. ഈ തിരിച്ചറിവിലേക്കായിരിക്കട്ടെ ഇനി അങ്ങോട്ട് നമ്മുടെ യാത്ര. ഓരോ തുള്ളി ജലവും സംരക്ഷിക്കാൻ നമുക്കോരോരുത്തർക്കും ആത്മപ്രതിജ്ഞ എടുക്കാം. അങ്ങിനെ ഇവിടെ മനുഷ്യനും പാർക്കാൻ പറ്റുന്ന ഒരിടമായി നിലനിർത്താം.

# ജലസമൃദ്ധി- ജലസാക്ഷരതാ യജ്ഞം




വരൾച്ച അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് വേൾഡ് ബാങ്ക് ടാസ്ക് ടീം ലീഡർ ശ്രീനിവാസ റാവു പൊടിപ്പിറഡ്ഢി പറഞ്ഞു. റേഡിയോ മാറ്റൊലിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഏഴ് കമ്മ്യൂണിറ്റി റേഡിയോകളുടെ സഹകരണത്തോടെ ജലനിധി നടപ്പാക്കുന്ന ജലസാക്ഷരതാ യജ്ഞ പരിപാടി ജലസമൃദ്ധി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ശുദ്ധീകരിച്ച ജലത്തെ കുറിച്ച് കേരളത്തിലെ ജനങ്ങൾക്ക് കൂടുതൽ അവബോധം ആവശ്യമാണെന്നും, കമ്മ്യൂണിറ്റി റേഡിയോകൾക്ക് ഇതിൽ നിർണ്ണായക പങ്ക് വഹിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. ശുദ്ധജല വിതരണം, ഭൂജല പരിപോഷണം, ഉത്തരവാദിത്തപൂർണ്ണമായ ജലവിനിയോഗം തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ജലസമൃദ്ധി- ജലസാക്ഷരതാ ബോധവത്കരണ പരമ്പര 26 ഭാഗങ്ങളിലായി കമ്മ്യൂണിറ്റി റേഡിയോകൾ പ്രക്ഷേപണം ചെയ്യും.

ദ്വാരക മാറ്റൊലി റേഡിയോ നിലയത്തിൽ നടന്ന ചടങ്ങിൽ ജലനിധി ഓപ്പറേഷൻസ് ഡയറക്ടർ വി.എൽ.മോഹൻകുമാർ അധ്യക്ഷത വഹിച്ചു. പിന്നാക്ക ജില്ലയായ വയനാട്ടിൽ സുസ്ഥിര വികസനത്തിനായി റേഡിയോ മാറ്റൊലി നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജലനിധി കണ്ണൂർ ആർ.പി.ഡി. വി.ചന്ദ്രൻ, തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർ ലാലച്ചൻ, കണ്ണൂർ എം.സി.ഡി ജോർജ്ജ് മാത്യു, ടെക്നിക്കൽ മാനേജർ ജയകുമാര വർമ്മ, വയനാട് ടി.ഡി.എസ് എ.യോഹന്നാൻ എന്നിവർ ആശംസകളർപ്പിച്ചു. സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ.സെബാസ്റ്റ്യൻ പുത്തേൻ സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ ഫാ.മനോജ് കാക്കോനാൽ നന്ദിയും പറഞ്ഞു. ഫാ.സന്തോഷ് കാവുങ്കൽ, ഫാ.ജസ്റ്റിൻ മുത്താനിക്കാട്ട്, സിന്ധു ജസ്റ്റിൻ എന്നിവർ നേതൃത്വം നൽകി. സംസ്ഥാനഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിയുടെ വിവിധ തലങ്ങളിലെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.

# സുസ്ഥിരത - ജലനിധിയുടെ മുഖമുദ്ര



അബ്ദുൾ ലത്തീഫ് കെ.വി.എം
മുൻ റീജിയണൽ പ്രോജക്ട് ഡയറക്ടർ

ശുദ്ധജല വിതരണ ശുചിത്വ പദ്ധതിയായ ജലനിധി വികസനതത്വ ശാസ്ത്രത്തിലും തന്ത്രത്തിലും മറ്റു വികസന പദ്ധതികളേക്കാൾ തികച്ചും വിഭിന്നമാണ്. പദ്ധതിയുടെ ആരംഭം മുതൽ അവസാനം വരെയും തുടർന്ന് പദ്ധതിയുടെ പരിപാലനത്തിലും ഗുണഭോക്താക്കളുടെ പങ്കാളിത്തവും അതിലുപരി ഉടമസ്ഥാവകാശവുമാണ് ജലനിധിയുടെ മുഖ്യ സവിശേഷത. പദ്ധതിയുടെ ഗുണഫലം അനുഭവിക്കുന്നവർ പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും ഒപ്പമുണ്ടാവേണ്ടത് അനിവാര്യമായ വികസനതന്ത്രമായി ജലനിധി വിഭാവനം ചെയ്യുന്നു.

വികസന പദ്ധതികളുടെ സുസ്ഥിരത ഉറപ്പു വരുത്തേണ്ട പ്രവർത്തനം ആരംഭിക്കേണ്ടത് പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം തന്നെയാണ്. പദ്ധതികളുടെ മുഴുവൻ പ്രവൃത്തികളും പൂർത്തിയായ ശേഷം സുസ്ഥിരതയെക്കുറിച്ച് ചിന്തിക്കുന്നത് അപക്വമായ ശൈലിയാണ്. നടപ്പിലാക്കാൻ പോകുന്ന വികസന പദ്ധതികളേക്കുറിച്ചുള്ള ദൂരക്കാഴ്ച്ച എത്ര അധികമാണോ അതനുസരിച്ചായിരിക്കും പദ്ധതികളുടെ വിജയ സാധ്യതയും.

ജലനിധി പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തേണ്ടത് പദ്ധതി നടത്തിപ്പിലെ മുഴുവൻ പങ്കാളികളുടെയും കൂട്ടുത്തരവാദിത്തമാണ്. ഒരു ദിവസം പോലും മുടങ്ങാതെ ജലവിതരണം നടത്തണമെങ്കിൽ ഗുണഭോക്തൃ സമിതികൾ സാമൂഹ്യ സാമ്പത്തിക സാങ്കേതിക മേഖലകളിൽ സുസ്ഥിരത ഉറപ്പുവരുത്തേണ്ടതുണ്ട്. ഗുണഭോക്തൃ സമിതികളുടെ സ്ഥാപനവൽക്കരണവും സാമ്പത്തിക കെട്ടുറപ്പും സുതാര്യതയും സാങ്കേതിക മേന്മയും ജലനിധി പദ്ധതികളുടെ സുസ്ഥിരതയുടെ അളവുകോലുകളാണെന്ന് പറയാം.

ജലനിധി പദ്ധതികളിലെ കുടുംബങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ഉതകുന്ന പരിപാടികൾ ആവിഷ്ക്കരിക്കുവാനും നീതിനിഷ്ഠവും പുരോഗമനപരവുമായ സമൂഹനിർമ്മിതിയിൽ കുടുംബങ്ങളെ പങ്കാളികളാക്കുവാനുമുള്ള നേതൃത്വപരമായ ഉത്തരവാദിത്തമാണ്. ഗുണഭോക്തൃ സമിതികളുടെ ഭരണസമിതികൾക്കുള്ളത്. ഭാരവാഹികൾക്ക് ലഭിച്ചിട്ടുള്ള നിരവധി പരിശീലന പരിപാടികൾ സ്വന്തം വ്യക്തിത്വ വളർച്ചയ്ക്കും നേട്ടത്തിനും മാത്രമായിട്ടല്ല, മറിച്ച് സമിതികളിൽ അംഗങ്ങളായിട്ടുള്ള കുടുംബങ്ങളുടെ വളർച്ചയ്ക്കും ശാക്തീകരണത്തിനും ഉപകരിക്കണം.

ഒരോ ഗുണഭോക്തൃസമിതിയും കൃത്യതയുള്ളതും ആവശ്യാധിഷ്ഠിതവുമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുകയും നടപ്പിൽ വരുത്തുകയും വേണം.

ജലനിധി കേവലമൊരു വികസനതത്വ ശാസ്ത്രം മാത്രമല്ല, അതൊരു വികസനമന്ത്രമാണ്. ശുദ്ധജലം അപ്രാപ്യമായ സമൂഹത്തിലെ സാധാരണക്കാരിൽ സാധാരണക്കാരായ കുടുംബങ്ങളുടെ അത്താണിയാണ് ജലനിധി. അത് കുടിവെള്ള വിതരണത്തിലൊ ശുചിത്വ മേഖലയിലോ ഇടപെടലിലൊ മാത്രം ഒതുക്കി നിർത്തേണ്ട ഒന്നല്ല. കുടിവെള്ളത്തിനുമപ്പുറത്തുള്ള ഒരു വിശാല ലോകത്തേക്ക് സമൂഹത്തെ നയിക്കണം. സുസ്ഥിരമായ ഒരു വികസന തന്ത്രത്തിന്റെ ദീപസ്തംഭമായി ജലനിധി രൂപം നൽകിയ ഗുണഭോക്തൃ സമിതികൾ വളരണം, വളരാനുള്ള എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുകയും വേണം.

# സംരക്ഷിക്കപ്പെടണം ജലസ്രോതസ്സുകൾ



ഡോ.ബി.എസ്. തിരുമേനി IAS
ജില്ലാ കളക്ടർ, വയനാട്

നാം ഭയപ്പെട്ടിരുന്നതുപോലെ തന്നെ സംഭവിച്ചിരിക്കുന്നു. പെയ്ത് തീരാതെ മനുഷ്യരോടും പ്രകൃതിയോടും ജീവജാലങ്ങളോടും കലമ്പൽ കൂട്ടി 40 ശതമാനം മാത്രം നൽകി പാതി വഴിയിൽ വെച്ച് തിരിച്ചു പോയ മഴക്കാലം വയനാടിന് സമ്മാനിക്കുന്നത് കഠിനമായ വരൾച്ചയാണ്. ഓരോ വർഷകാലം കഴിയുമ്പോഴും നാം പ്രതിജ്ഞകൾ കൈകൊള്ളാറുണ്ട്, അടുത്ത വേനലിനെപ്രതിരോധിക്കാൻ നടപടികളെടുക്കുമെന്ന്. പക്ഷെ ഒന്നും സംഭവിക്കുന്നില്ല. മഴക്കാലാനന്തരം ലഭ്യമാകുന്നതും വരൾച്ച തന്നെ.

കേവലം മഴ കുറഞ്ഞത് കൊണ്ട് മാത്രമാണ് ജലദാരിദ്ര്യം ഉണ്ടാകുന്നത് എന്ന് ചിന്തിക്കാൻ വരട്ടെ. സമൂഹത്തിന്റെയാകെ നിരുത്തരവാദപരമായ ആഡംബര ജലഉപയോഗം തന്നെയാണ് പ്രധാനവില്ലൻ. തുരന്ന് തുരന്ന് മനുഷ്യൻ ഭൂമിയുടെ ഗർഭപാത്രം വരെ തുരന്നെത്തി. അടിത്തട്ടിലേക്ക് സൂര്യതാപമേറ്റ് നനവുറവുകളെല്ലാം വറ്റുകയും ചെയ്തു.

നമ്മുടെ ജലസ്രോതസ്സുകളെയെല്ലാം സംരക്ഷിക്കേണ്ടത് സർക്കാരുകളുടെ മാത്രം ഉത്തരവാദിത്വമല്ല. ശുദ്ധജലത്തിന് അവകാശമുള്ളത് പോലെ അത് സംരക്ഷിക്കുവാൻ നമുക്ക് ബാധ്യതയുമുണ്ട്. ജലസംരക്ഷണം ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വമാണ്. അതോടൊപ്പം ജലഉപയോഗം പരിമിതപ്പെടുത്തുകയും വേണം. ജലം നമ്മുടെയാരുടെയും സ്വകാര്യസ്വത്തല്ല. നാമെല്ലാം സംരക്ഷകർ മാത്രം. അടുത്ത തലമുറകൾക്കുവേണ്ടി നാമത് ചെയ്തേ മതിയാകൂ.

ഓരോ ഗ്രാമപഞ്ചായത്തിന്റെയും പരിധിയിൽ വരുന്ന ജലസ്രോതസ്സുകൾ ചെറിയ ചെറിയ അണകൾ കെട്ടി സംരക്ഷിച്ചാൽ ഭൂമിയുടെ ഓരോ അണുവിലും വെള്ളമെത്തും. ഉപഭോഗ സംസ്കാരവും വേഗമാർന്ന ജീവിതശൈലികളും ബാക്കിയാക്കുന്ന പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ ജലസ്രോതസ്സുകളിൽ കെട്ടി കിടക്കുകയാണ്. അത് ശേഖരിച്ച് നീക്കം ചെയ്യുകയും ജലാശയങ്ങൾ ശുദ്ധീകരണം നടത്തുകയും വേണം. അങ്ങനെ നമ്മുടെ ജലസ്രോതസ്സുകൾ വിശുദ്ധിയുടെ കേണികളായി മാറണം.

വറ്റിക്കൊണ്ടിരിക്കുന്ന ജലനിലങ്ങളിലേക്ക് നമുക്ക് മഴവെള്ളം കടത്തിവിടാം. നിരന്തരമായ പ്രവർത്തനങ്ങൾ വഴി അവയെല്ലാം ജലസമ്പുഷ്ടങ്ങളാകും. മഴവെള്ള സംഭരണ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കണം. കിണറുകൾ നിറയ്ക്കുവാൻ കിണർ റീചാർജിംഗ് പദ്ധതി നടപ്പിലാക്കണം. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി എല്ലാ വർഷവും പണം വിനിയോഗിക്കണം. സ്രോതസ്സുകളിൽ വെള്ളമില്ലെങ്കിൽ, ലക്ഷങ്ങളും കോടികളും മുടക്കി നടപ്പിലാക്കിയ എല്ലാ പദ്ധതികളും അകാലമൃത്യു വരിക്കും. ജനകീയ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ഈ മേഖലയിൽ കൂടുതൽ ശ്രദ്ധയോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കപ്പെടണം.

ജലനിധി വയനാട് ജില്ലയിൽ 11 ഗ്രാമപഞ്ചായത്തുകളിലായി 182 കുടിവെള്ള പദ്ധതികളിലൂടെ 22000 കുടുംബങ്ങളുടെ വീട്ടുമുറ്റത്ത് ജലമെത്തിക്കുന്നു. ഇതിൽ 9200 കുടുംബങ്ങൾ നമ്മുടെ ആദിവാസി സഹോദരങ്ങളുടേതാണ്. ഈ പദ്ധതികളുടെ സംരക്ഷണത്തിനായി 35 സ്ഥിരം തടയണകളും നിർമ്മിക്കപ്പെട്ടിട്ടുണ്ട് എന്നത് ശ്ലാഘനീയമാണ്.

വയനാട് ജില്ലയിൽ നൂറ്റിയൻപതിൽപരം ജനകീയ തടയണകളും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. കടുത്ത വരൾച്ചയെ പ്രതിരോധിക്കാൻ ഇനിയും യോജിച്ച പ്രവൃത്തികൾ അനിവാര്യമാണ് എന്ന് ഓർമ്മിപ്പിക്കുന്നു.

# വേനലിന്റെ ദുഃഖം



നിറപുഞ്ചിരിയോടെ വേനൽ ഭൂമിയുടെ നെറുകയിൽ തലോടി. വർഷകാലത്തിന്റെ താണ്ഡവത്തിൽ തകർന്നടിഞ്ഞ നാടും നഗരവും വേനലിന്റെ വരവോടുകൂടി ഉത്സാഹത്തിമർപ്പിലായി. വൃക്ഷലതാദികളെല്ലാം ശിഖരങ്ങൾ നിവർത്തി തങ്ങളുടെ ഇലകൾ കൊണ്ടുള്ള ഉടയാടകളെല്ലാം ചൂട് പിടിപ്പിച്ചു. കുളി കഴിഞ്ഞ് ഈറനണിഞ്ഞ ഭൂമിദേവി സൂര്യകിരണങ്ങളേറ്റ് കൂടുതൽ സുന്ദരിയായി. ഭൂമിയോട് തോന്നിയ പ്രണയം വേനൽ മനസ്സിലൊളിപ്പിച്ചു. വേനലിന്റെ പ്രണയം, വെയിലിന്റെ ചൂട് ആയി സൂര്യകിരണങ്ങളിലൂടെ ഭൂമിയ്ക്ക് മേൽ പ്രവഹിച്ചു തുടങ്ങി. വേനലിന്റെ വരവിൽ സന്തോഷം ആസ്വദിച്ച് തുടങ്ങും മുമ്പേ തന്നെ ചൂടിന്റെ അസ്വസ്ഥത ഭൂമിയെ ആകുലപ്പെടുത്തി. ജീവജാലങ്ങൾ നിരാശരാകുന്നത് കണ്ട് വേനലും സങ്കടപ്പെട്ടു.

ദിവസങ്ങൾ മാസങ്ങളെ കീഴ്പ്പെടുത്തി. ദൗത്യം പൂർണ്ണമായും നിർവ്വഹിക്കാൻ വിധിക്കപ്പെട്ട വേനൽ തന്റെ മുഴുവൻ ശക്തിയും പുറത്തെടുത്തു. ഈ രൗദ്രഭാവത്തിനിടയിൽ വേനലിന്റെ പ്രണയം കണ്ടെത്താൻ ഭൂമിക്ക് കഴിഞ്ഞില്ല. പച്ചപരവതാനികൾ മാഞ്ഞ് തുടങ്ങി. മരങ്ങളെല്ലാം ഇലപൊഴിച്ച്, ശിഖരങ്ങളെല്ലാം ഉണങ്ങി ആകാശത്തിലേയ്ക്ക് നോക്കി കൈ കൂപ്പി നിന്നു. പുഴകൾ വറ്റി വരണ്ടു. കുടിവെള്ളം തേടി മൃഗങ്ങളെല്ലാം കാട് വിട്ട് അലയാൻ തുടങ്ങി. പക്ഷികൾ പലായനം ചെയ്യുന്നു. ദാഹജലത്തിനായി മനുഷ്യൻ നെട്ടോട്ടമോടുന്നു. ഉഷ്ണം സഹിക്കാനാകാതെ വാവിട്ടു കരയുന്ന കുഞ്ഞുങ്ങളുടെ കരച്ചിൽ അന്തരീക്ഷത്തിൽ അലയടിക്കുന്നു. അകാല വാർദ്ധക്യം സംഭവിച്ച സുന്ദരിയെപ്പോലെ തൊലികൾ ചുക്കിച്ചുളിഞ്ഞ് തന്റെ പ്രണയിനി തളരാൻ തുടങ്ങുന്നത് കണ്ട് വേനലിന്റെ ഉള്ള് പിടഞ്ഞു.

ചങ്ക് തകർന്ന്, വാ പിളർന്ന് വിള്ളലുകൾ മാത്രമായി വിങ്ങിപ്പൊട്ടുന്ന ഭൂമിയുടെ കണ്ണുകളിലേക്ക് ദൈന്യതയോടെ വേനൽ നോക്കിയിരുന്നു. ആ കാഴ്ചകണ്ട് ഹൃദയം നുറുങ്ങി, മനസ്സിലെ ദുഃഖം കാർമേഘമായി ആകാശത്തിൽ ഉരുണ്ട് കൂടി. വേനലിന്റെ സങ്കടം കണ്ണുനീർ തുള്ളിയായി ഭൂമിയിലേയ്ക്ക് പെയ്തിറങ്ങി. വർഷകാലം വന്നതറിഞ്ഞ് ഭൂമിയിൽ ഉത്സവമായി. ഒത്തിരി സന്തോഷത്തോടെ, വിരഹത്തോടെ വേനൽ, ഭൂമിയുടെ കാതിൽ വിട ചൊല്ലി വേനൽ മനസ്സിൽ മന്ത്രിച്ചു. തിരിച്ചു വരും ഞാൻ വരാതിരിക്കാനാവില്ല. വർഷകാലത്തിന്റെ താണ്ഡവത്തിന് അറുതി വരുത്താൻ ഞാനെത്തിയില്ലെങ്കിൽ പ്രളയത്തിലും പേമാരിയിലും ഒരു പക്ഷേ എനിക്ക് ഭൂമിയെ തന്നെ നഷ്ടപ്പെട്ടേക്കാം.

**വിമൽ മൂഴിപ്പറമ്പിൽ**
സിറ്റിസൺ ജേർണലിസ്റ്റ്, തീക്കോയി



# 'മൈത്രി'വാസുവേട്ടന്റെ സ്വന്തം വാസുവേട്ടൻ മൈത്രിയുടേയും

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുൻസിപ്പാലിറ്റി ഗ്രാമപഞ്ചായത്തായിരുന്നകാലത്ത് നടപ്പിലാക്കിയ ജലനിധി പദ്ധതിയുടെ വിജയഗാഥ പാടുവാൻ വാസുവേട്ടന് ആയിരം നാവാണ്. വാസുവേട്ടന് വയസ് 84. വാവാട് പ്രദേശത്ത് പുൽക്കുഴിയിൽ 2004ൽ മൈത്രി ശുദ്ധജലവിതരണ സമിതി എന്ന പേരിൽ രജിസ്റ്റർ ചെയ്ത് ജലനിധി കുടിവെള്ള പദ്ധതി ആരംഭിച്ചപ്പോൾ വാസുവേട്ടന്റെ പ്രായം 71. പുൽകുഴിയിലെ കുടുംബങ്ങൾ നിരന്തരം അനുഭവിച്ചിരുന്ന കടുത്ത കുടിവെള്ള ക്ഷാമം കണ്ടിരുന്ന വാസുവേട്ടന് മൈത്രി ശുദ്ധജല വിതരണ പദ്ധതിയുടെ സെക്രട്ടറി എന്ന സ്ഥാനമോ പമ്പ് ഓപ്പറേറ്റർ എന്ന സ്ഥാനമോ ഏറ്റെടുക്കുന്നതിന് പ്രായമോ അനാരോഗ്യമോ ഒരു തടസമായിരുന്നില്ല. പെയിന്റിംഗ് ആയിരുന്നു ജീവിതമാർഗം. കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി ഒട്ടും മെച്ചമായിരുന്നില്ല. 1952-ൽ 8-ാം ക്ലാസ് പസായ ശേഷം അധ്യാപകനാകാനുള്ള പരിശീലനത്തിന് അപേക്ഷിച്ചെങ്കിലും വിധി അതിനനുവദിച്ചുമില്ല. ഒരു കർഷകനായും 35 വർഷക്കാലം പെയിന്റിംഗ് ജോലി ചെയ്തും കുടുംബത്തിന് തണലായി ജീവിച്ചു. സാമ്പത്തിക മേഖല ഒട്ടും മെച്ചമായിരുന്നില്ലെങ്കിലും ജലനിധിപദ്ധതിയുടെ മുൻ നിരയിൽ നിന്ന് പ്രവർത്തിച്ച് ജീവിക്കുന്ന ഒരു മാതൃകയായി മാറി വാസുവേട്ടൻ. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്നത് വാസുവേട്ടനെ സംബന്ധിച്ച് ഒരു വെറും വാക്കല്ല. അക്ഷരാർത്ഥത്തിൽ അതാണ് വാസുവേട്ടൻ.

പുൽക്കുഴി ഒരു കുഴിയേയല്ല. അതൊരു ചെങ്കുത്തായ പ്രദേശമാണ്. 200 ലധികം കുടുംബങ്ങൾ താമസിക്കുന്ന ഒരു മല. കുടിവെള്ളം എന്നും ഒരു കിട്ടാകനിയായിരുന്നു പുൽക്കുഴിക്കാർക്ക്. ഇതിനെല്ലാം ഒരു പരിഹാരമായി 2006 ജൂലൈ 27-ന് ജലനിധി പദ്ധതി ഔപചാരികമായി പുൽക്കുഴിയിൽ ഉൽഘാടനം ചെയ്യപ്പെട്ടു. അന്ന് 64 കുടുംബങ്ങളായിരുന്നു അംഗങ്ങളായുണ്ടായിരുന്നത്. 5 കുടുംബങ്ങളെ കൂടി ചേർത്ത് ഇന്നത് 69 ആയി. പദ്ധതിയിൽ ചേരാൻ എത്രയോ കുടുംബങ്ങളാണ് അപേക്ഷയുമായി കാത്തിരിക്കുന്നത്. പക്ഷെ കിണറിൽ ആവശ്യത്തിന് വെള്ളമില്ലാത്തതുമൂലം പുതിയ കണക്ഷൻ കൊടുക്കാൻ സാധിക്കാത്തത് വാസുവേട്ടനും സമിതി ഭരണസമിതിക്കും ഒരു പോലെ ദു:ഖത്തിന് കാരണമായിരിക്കുന്നു.

2004-ൽ പ്രവർത്തനം ആരംഭിച്ച മൈത്രി ശുദ്ധജലവിതരണ പദ്ധതിയുടെ ചരിത്രം വാസുവേട്ടന്റെ പൊതുജീവിതത്തിന്റെ ചരിത്രം കൂടിയാണ്. പദ്ധതിയുടെ തുടക്കം മുതലേ സമിതിയുടെ സെക്രട്ടറിയായും പമ്പ് ഓപറേറ്ററായും വാസുവേട്ടൻ മതിയെന്ന തീരുമാനം സമിതിയുടേതായിരുന്നു. ഇന്നും ആ തീരുമാനത്തിന് മാറ്റമില്ല. കാരണമുണ്ട്. പുൽക്കുഴിയിലെ 69 ഗുണഭോക്തൃകുടുംബങ്ങളും വാസുവേട്ടന്റെ സ്വന്തം കുടുംബം പോലെയാണ്. കുടിവെള്ളവുമായി ബന്ധപ്പെട്ട ഒരു പ്രശ്നവും വാസുവേട്ടൻ നാളത്തേയ്ക്ക് മാറ്റി വെയ്ക്കാറില്ല. ജാതി മത ഭേദമില്ലാതെ ഒറ്റ കുടുംബമായി മൈത്രി ശുദ്ധജലവിതരണ സമിതിയെ മാറ്റിയെടുത്തതിൽ വാസുവേട്ടന്റെ പങ്ക് നിർണായകമാണ്. എല്ലാ വീട്ടിലും സന്ദർശനം, സ്വന്തമെന്ന പോലെയുള്ള പെരുമാറ്റം, പദ്ധതിയിൽ അംഗമല്ലാത്തവർപോലും വാസുവേട്ടനെ സഹായിക്കുന്നു. ഇതിൽപരം അംഗീകാരം മറ്റെന്താണ്?

കൊടുവള്ളിയിൽ ഭൂരിഭാഗവും മുസ്ലീം വിഭാഗത്തിൽപെട്ടവരാണ്. 2016-ൽ സംഘടിപ്പിച്ച മതപണ്ഡിതന്മാരുടെയും രാഷ്ട്രീയ പ്രമുഖരുടെയും ഒരു യോഗത്തിൽ വാസുവേട്ടനെ അവർ പൊന്നാട അണിയിച്ച് ആദരിച്ചു. വാസുവേട്ടന്റെ ജീവിതത്തിലെ അവിസ്മരണീയ ദിനം പത്രത്താളുകളിൽ വാസുവേട്ടൻ നിറഞ്ഞു നിന്നു.

2006-ൽ കമ്മീഷൻ ചെയ്ത പദ്ധതിയുടെ ജി.ഐ.പൈപ്പുകൾക്ക് കേടുപാടു സംഭവിച്ചപ്പോൾ ജില്ലാ കളക്ടറുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 42000രൂപ മൈത്രിക്ക് ലഭിച്ചു. അങ്ങനെ 200 മീറ്റർ പൈപ്പു മാറ്റി സ്ഥാപിച്ചു. കേടുവന്ന പമ്പുസെറ്റ് ഗുണഭോക്താക്കളുടെ സഹായത്തോടെ മാറ്റി പുതിയതു സ്ഥാപിച്ചു. 14000 ലിറ്റർ മാത്രം സംഭരണശേഷിയുള്ള ടാങ്കിന്റെ ശേഷി 24000 ആക്കി വർധിപ്പിച്ചു. ഇതിനായി നാട്ടുകാരനായ ഒരു സുഹൃത്ത് ഒരു ലക്ഷം രൂപ നൽകി മൈത്രിയെ സഹായിച്ചു.

6 മണിക്കൂറാണ് പമ്പിംഗ് സമയം. കൃത്യമായി വെള്ളം വിതരണം ചെയ്യുന്നതിന് വാസുവേട്ടനെ സഹായിക്കാൻ രണ്ടു സ്ത്രീകളെ നിയമിച്ചിട്ടുണ്ട്. കാരണം കിണറും ടാങ്കും വലിയ അകലത്തിലും ടാങ്ക വലിയൊരു കുന്നിൻ മുകളിലുമാണ്. രാവിലെ 7 മുതൽ 1 മണി വരെ തടസം കൂടാതെ വള്ളം പമ്പു ചെയ്യുന്നതിന് വാസുവേട്ടൻ പമ്പ്ഹൗസിൽ തന്നെയുണ്ട്. കൂടാതെ വെള്ളക്കരം പിരിക്കുന്നതും വാസുവേട്ടൻ തന്നെ. ഇതിനെല്ലാമായി വാസുവേട്ടൻ വാങ്ങിയിരുന്നത് ദിവസം 50 രൂപ അംഗങ്ങൾ നിർബന്ധിച്ചപ്പോൾ ഇത് 100 രൂപയാക്കി വർധിപ്പിച്ചു. എന്നാൽ സമിതിക്ക് എല്ലാ ചെലവും കഴിഞ്ഞ് മിച്ചം കേവലം പ്രതിമാസം 200 രൂപ മാത്രമേയുള്ളൂ എന്ന കാരണത്താൽ 100 എന്നത് 75 ആയി വാസുവേട്ടൻ തന്നെ കുറച്ചു. വെള്ളക്കരം വർധിപ്പിക്കാൻ വാസുവേട്ടൻ തയ്യാറല്ല. പുൽക്കുഴിയിലുള്ളവർ സമ്പന്നരല്ല. ഇപ്പോൾ മാസം 100 രൂപയാണ് വെള്ളക്കരം. വാസുവേട്ടന് ശമ്പളം വർധിപ്പിക്കണമെങ്കിൽ വെള്ളക്കരം വർധിപ്പിക്കണം. ഇപ്പോഴത്തെ സാഹചര്യത്തിൽ വാസുവേട്ടൻ അതിന് തയ്യാറല്ല. ഗുണഭോക്താക്കളുടെ പക്ഷത്തുനിന്ന് ചിന്തിക്കുന്ന ഒരു സെക്രട്ടറി.

ഇതെല്ലാമാണെങ്കിലും ഒരു വലിയ ദുരന്തം കൺമുമ്പിൽ കാണുന്നതുപോലെ ഭയപ്പാടിലാണ് വാസുവേട്ടൻ. ഓരോ വർഷം കഴിയുംന്തോറും സമിതിയുടെ കിണറിൽ വെള്ളം കുറയുന്നു. കിണറിന്റെ അടി പാറയായതിനാൽ ആഴം കൂട്ടാനും നിവർത്തിയില്ല. ഇതിന് പരിഹാരം കാണുന്നതിന് മുൻസിപ്പൽ ചെയർപേഴ്സൺ ഷരീഫ കണ്ണാടിപൊയിൽ, കൗൺസിലർ അബ്ദു വെള്ളറ എന്നിവരുടെ സാന്നിധ്യത്തിൽ ഗുണഭോക്തൃസമിതി യോഗം ചേർന്നു. യോഗത്തിൽ കുടിവെള്ള പ്രശ്നത്തിന്റെ തീവ്രത മനസിലാക്കി അഡ്വ. പി.കെ സകറിയ കിണറിനുള്ള സ്ഥലം സൗജന്യമായി നൽകാമെന്ന് സമ്മതിച്ചു. കിണർ നിർമ്മിക്കുന്നതിന് മുൻസിപ്പാലിറ്റി 5 ലക്ഷം രൂപയും അനുവദിച്ചു. പുതിയ കണക്ഷനുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്ന 30 തിലധികം വരുന്ന കുടുബങ്ങൾക്ക് ഇത് വലിയൊരാശ്വാസമായി. എന്നാൽ പുതിയൊരു കിണർ നിർമ്മിക്കണമെങ്കിൽ ഏകദേശം 15 ലക്ഷം രൂപ ചെലവു വരും. ഇതിൽ 5 ലക്ഷം മുൻസിപ്പാലിറ്റി നൽകാമെന്ന് സമ്മതിച്ചു. ശേഷിക്കുന്ന 10 ലക്ഷം രൂപ കണ്ടെത്തണം. വാസുവേട്ടന്റെയും സമിതിയുടെയും മുന്നിലുള്ള ലക്ഷ്യം ഇതു മാത്രമാണ്.

വാസുവേട്ടൻ ജലനിധിയുടെ ഉദാത്ത മാതൃകയാണ്. സ്വന്തം കുടുംബത്തെപ്പോലെ ഏവരെയും സ്നേഹിച്ച് പരിപാലിക്കുന്ന ഒരു നല്ല പിതാവാണ് വാസുവേട്ടൻ. ഇങ്ങനെയുള്ളവരെയാണ് സമൂഹം അന്വേഷിക്കുന്നത്. വാസുവേട്ടൻ മൈത്രിയുടെ മാത്രമല്ല കേരളമൊട്ടാകെ നടപ്പാക്കുന്ന ജലനിധി പദ്ധതിയുടെ സ്വന്തമാണ്.

# ജലം സംരക്ഷിച്ച് മാതൃകയായ കരൂർ

വർഷത്തിൽ 3000 മില്ലീമീറ്റർ മഴ ലഭിക്കുന്ന കേരളത്തിൽ വേനലിൽ കുടിവെള്ളം മരീചിക ആകുന്ന കാഴ്ച വർഷങ്ങളായി നമ്മൾ കണ്ടു വരികയാണ്. ജലചൂഷണവും ഭൂഗർഭജലപരിപോഷണത്തിന്റെ അപര്യാപ്തതയും തന്നെയല്ലേ നമ്മളെ ഈ നിലയിലാക്കിയത്. സമ്പത്ത് കൈവരിക്കാനുള്ള തത്രപ്പാടിൽ ജലസ്രോതസ്സുകളെ നശിപ്പിച്ച് വികസനപരിപാടികൾ രൂപീകരിച്ചിടത്തുതുടങ്ങിയതാണ് നമ്മുടെ പരാജയത്തിന്റെ ആരംഭം. ജീവന്റെ ഉത്ഭവവും പരിണാമവും ജലത്തിൽ നിന്നാണെന്നും ജീവനുള്ള എല്ലാറ്റിന്റെയും ശരീരത്തിൽ 90%വും ജലമാണെന്നു തിരിച്ചറിയുമ്പോൾ ജലവും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധം നമുക്ക് ബോദ്ധ്യമാവും. ജീവന്റെയും പ്രകൃതിയുടെയും നിലനിൽപ്പ് ലക്ഷ്യമാക്കിയുള്ള ജല ഉപയോഗവും ജലസംരക്ഷണ പ്രവൃത്തികളും മനുഷ്യൻ നടത്തിയേമതിയാവൂ. സ്വാർത്ഥമായ, യഥാർത്ഥ്യ ബോധമില്ലാത്ത ജലചൂഷണം ഭൂമിയിൽ മനുഷ്യജീവിതം അസാധ്യമാക്കും. നമ്മുടെ അമിത ലാഭേച്ഛയുടെ ബാക്കി പത്രമാണ് ആഗോളതാപനവും കാലാവസ്ഥ വ്യതിയാനവും.

ദീർഘവീക്ഷണവും പ്രകൃതിയോടുള്ള കരുതലും ഉള്ള പ്രാദേശിക സർക്കാരുകൾക്ക് മണ്ണ് ജല സംരക്ഷണത്തിൽ മാതൃകകൾ തീർക്കാം. ഹരിയാലി നിർത്തട വികസന പദ്ധതിയും ജലനിധി കുടിവെള്ള വിതരണ പ്രവർത്തനങ്ങളും നടപ്പിലാക്കി കരൂർ ഗ്രാമപഞ്ചായത്ത് ഈ കാര്യത്തിൽ ഏറെ മുൻപന്തിയിലാണ്. ഭൂഗർഭജലപരിപോഷണ പദ്ധതി നടപ്പിലാക്കി മഴത്തുള്ളികളുടെ ഒഴുക്കിനെ നടത്തിയും നിർത്തിയും കിടത്തിയും മണ്ണിലേക്ക് ഇറക്കിവിട്ട് പരമാവധി ജലസമ്പത്ത് കൈവരിക്കുവാൻ ഞങ്ങളുടെ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്.

നാലു തോടുകളിലായി 15 ചെക്കുഡാമുകൾ നിർമ്മിച്ചും ജലത്തിന്റെ കുത്തൊഴുക്ക് നിയന്ത്രിച്ചിട്ടുണ്ട്. കയ്യാലകൾ, ആമക്കെട്ടുകൾ, നീർക്കുഴികൾ എന്നിവയാൽ കരൂർ പഞ്ചായത്ത് ഇന്ന് ഏറെ സമ്പന്നമാണ്. പഞ്ചായത്ത് പ്രദേശത്തെ ഭൂരിഭാഗം പൊതു സ്വകാര്യ കുളങ്ങളും പുനർ നിർമ്മിച്ച് ജലസംഭരണികളായി സംരക്ഷിച്ചു വരുന്നു. മഴവെള്ള സംഭരണികളും കിണർ റീച്ചാർജ്ജിംഗ് യൂണിറ്റുകളും നിർമ്മിക്കാൻ ജലനിധി പദ്ധതി സഹായകമായി. ജലനിധിയിലൂടെ നിർമ്മിച്ച കുടിവെള്ള വിതരണ പദ്ധതികളുടെ ജലസ്രോതസ്സുകൾ ജലസമൃദ്ധമാക്കുവാൻ ഭൂഗർഭജല പരിപോഷണ പരിപാടികൾ പ്രയോജനകരമായി. കുടിവെള്ളക്ഷാമം ഇല്ലാത്ത പ്രദേശമായി കരൂർ ഗ്രാമപഞ്ചായത്തിനെ മാറ്റുവാൻ ജലനിധിയുടെ കുടിവെള്ള വിതരണ പദ്ധതികളും ഭൂഗർഭജലപരിപോഷണവും ഏറെ സഹായിച്ചു.

**സുരേഷ് കെ.**
സിറ്റിസൺ ജേർണലിസ്റ്റ്, കരൂർ



# ജലാനാം ജീവനം പരം

മഴപെയ്തു മഴ പെയ്തു കൂട്ടുകാരെ, മാനം കനിഞ്ഞില്ലേ വന്നിടാമോ?
മഴവെള്ളമെല്ലാം തടമൊരുക്കി മണ്ണിനുതന്നെ നമുക്കുനൽകാം.
മഴയുടെ ഭംഗിനാമസ്വദിക്കാം, മഴയുടെ ഗന്ധമറിഞ്ഞിരിക്കാം.
കാലങ്ങൾ കാത്തു ലഭിച്ചതാമീ വിണ്ണിന്നനുഗ്രഹം കണ്ടിരിക്കാം.
മുറ്റത്തു കോൺക്രീറ്റുപാകിയപ്പോൾ മണ്ണു കരഞ്ഞതു കേട്ടതില്ലേ?
കുന്നെല്ലാം വെട്ടിനിരത്തിയില്ലേ കാടും നാം നാടാക്കിമാറ്റിയില്ലേ?
കിണറ്റിലും തോട്ടിലും വെള്ളമില്ലാ പുഴയുടെ പേരൊന്നും കണ്ടതില്ലാ....
മഴവെള്ളപ്പാച്ചിലിൽ കുന്നിൻ മുകളിലെ മണ്ണെല്ലാം താഴെ പുഴയിലെത്തി
തട്ടായ് തിരിക്കണം കുന്നിനെനാമാദ്യം തൊടിയിൽ മഴ കുഴി തീർത്തിടേണം
കുടിനീരിനായിട്ടലയുന്നനേരത്തു നാം ചെയ്ത പാതകമോർത്തിടേണം
മഴവെള്ളമെല്ലാമൊഴുക്കി കളഞ്ഞ നാം മഴയുടെ പ്രാധാന്യമോർത്തതില്ല
മരമെല്ലാം വെട്ടിക്കളയുന്നനേരത്തു നമ്മുടെ മക്കളെയോർത്തതില്ലാ....
വെള്ളത്തിനായവർ വാളെടുക്കും നാളെ കുടിനീരിനായിപ്പടയൊരുക്കം.
കാവും കുളങ്ങളും പാഴ്ക്കഥയാകുമ്പോൾ നാളേക്കുനാമെന്തു കാത്തുവയ്ക്കും?
നമ്മുടെ മക്കൾക്കു നീന്തിക്കുളിക്കുവാൻ തുള്ളിയൊഴുകും പുഴകൾ വേണ്ടേ?
മാലിന്യവാഹിനിയായ പുഴകളിൽ നീന്തുന്നു പ്ലസ്റ്റിക് കവറുകളും.....
ഒഴുകാൻ മറന്ന പുഴകളിതൊക്കെയും നേർത്തു വിളർത്തു വിളറി നിൽപ്പൂ....
തെളിനീരിൻ ചോലനാം കാത്തിടേണം, പുഴയെ പുഴയാക്കി മാറ്റിടേണം
വെള്ളമില്ലെന്നാകിൽ നമ്മളില്ലാ നമ്മുടെ ലോകവും നാളെയില്ലാ....
ഒട്ടും മടിക്കാതെയൊത്തുചേർന്നീ കാടും പുഴകളും കാത്തുകൊൾക
മഴവെള്ളമൊക്കെയും സംഭരിച്ച് നാളേയ്ക്കു നമ്മൾക്ക് കാത്തുവയ്ക്കാം
ജലനിധിക്കൊപ്പം നമുക്കണിനിരക്കാം.....



**ശ്രീകല വിജയമന്ദിരം**
സിറ്റിസൺ ജേണലിസ്റ്റ്
തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

# വികസന മാതൃകകൾ ഒരുക്കി ജലവിതരണ സമിതികൾ

കേരളത്തിലെ ഗ്രാമങ്ങളിൽ കുടിവെള്ള വിതരണത്തിനായി രൂപീകരിച്ചിട്ടുള്ള ജലനിധി ശുദ്ധജല വിതരണ സമിതികൾ സാമൂഹ്യ വികസനകേന്ദ്രങ്ങളായി മാറിയിരിക്കുന്നു. കുടിവെള്ള വിതരണ മേഖലയെ ജനകീയമാക്കിയ ജലനിധി ശുദ്ധജല വിതരണ സമിതികൾ ഗുണഭോക്താക്കൾക്കും പൊതുസമൂഹത്തിനും നൽകുന്ന സേവനങ്ങളുടെ നിര നീണ്ടതാണ്. ജലഗുണനിലവാരത്തെ കുറിച്ചുള്ള ബോധവത്കരണമാണ് അവയിൽ ഏറ്റവും പ്രധാനം. ജലമലിനീകരണവും അതിന് കാരണമാകുന്നമാലിന്യ നിക്ഷേപങ്ങളെക്കുറിച്ചും സമിതിയുടെ പ്രതിമാസ മീറ്റിംഗുകളിൽ വിശദമായി ചർച്ച ചെയ്ത് വേണ്ട മാറ്റങ്ങൾ നടപ്പിൽ വരുത്തുന്നത് ഗുണഭോക്തൃ കുടുംബങ്ങളുടെ ജീവിത ശൈലിയിലും കാഴ്ചപ്പാടിലും വലിയ മാറ്റത്തിന് കാരണമാകുന്നുണ്ട്. ജലജന്യ രോഗങ്ങളെക്കുറിച്ചുള്ള ബോധവത്കരണവും അവയ്ക്കുള്ള പ്രതിരോധ പ്രവർത്തനങ്ങളും ജനങ്ങളുടെ ആരോഗ്യവും ആയുസ്സും വർദ്ധിപ്പിക്കാൻ സഹായകരമാണ്. ബോധവത്കരണ പരിപാടികൾക്ക് ഒപ്പം സമിതി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളും രക്തദാന ക്യാമ്പുകളും ആരോഗ്യരംഗത്തെ മികച്ച സേവനങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

സമിതിയുടെ വാർഷികത്തിലും ഓണത്തോടനുബന്ധിച്ചും അംഗങ്ങൾക്ക് സമിതി വക സമ്മാനമോ ഭക്ഷ്യധാന്യ കിറ്റോ നൽകുന്ന പതിവും പല സമിതികൾക്കും ഉണ്ട്. സമിതി അംഗങ്ങൾക്കു വേണ്ടി നടത്തുന്ന ലഘുനിക്ഷേപ വായ്പാ പദ്ധതികളുടെ ലാഭവിഹിതം തന്നെയാണ് ഗുണഭോക്താക്കൾക്കും ലഭ്യമാക്കുന്ന സമ്മാനങ്ങളുടെയും സൗജന്യങ്ങളുടെയും സാമ്പത്തിക സ്രോതസ്സ്. കൂടാതെ അഗതികൾക്ക് അത്യാഹിതങ്ങളിൽ ചികിത്സാസഹായം സമാഹരിച്ചു നൽകാൻ സമിതികൾക്ക് കഴിയുന്നുണ്ട്. പരീക്ഷകളിൽ മികച്ച വിജയം നേടുന്ന കുട്ടികളെ ആദരിക്കാനും, ഇവരിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സ്കോളർഷിപ്പ് നൽകുവാനും പല സമിതികൾക്കും സാധിക്കുന്നുണ്ട്. പദ്ധതി കമ്മീഷൻ ചെയ്ത, കുടിവെള്ളക്ഷാമമുള്ള പ്രദേശത്ത് പുതിയതായി കണക്ഷൻ കൊടുക്കുമ്പോൾ അഗതികൾക്ക് അംഗത്വഫീസിൽ വലിയ ഇളവ് നൽകാൻ മിക്ക സമിതികൾക്കും കഴിയുന്നുണ്ട്. അംഗങ്ങൾക്കായി പഠനയാത്രകൾ, കലാകായിക മത്സരങ്ങൾ, സമൂഹസദ്യ തുടങ്ങിയവ നടത്തി അംഗങ്ങളിൽ കൂട്ടായ്മ വളർത്തുന്നതിന് കുടിവെള്ള വിതരണ സമിതികൾക്ക് സാധിക്കുന്നുണ്ട്. ഭൂഗർഭജല പരിപോഷണത്തിനായി അംഗങ്ങളുടെ ഇടയിൽ മഴക്കുഴികൾ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും പല കുടിവെള്ള സമിതികൾക്കും കഴിയുന്നുണ്ട്. സമിതിയും സർക്കാരും ചേർന്ന് ജലനിധി പദ്ധതി പൂർത്തിയായതിനു ശേഷവും ചെക്ക് ഡാം, കയ്യാല നിർമ്മാണം, ഫലവൃക്ഷത്തൈ വിതരണം എന്നിവ നടത്തി വരുന്നു. പൊതുസ്ഥലങ്ങളും ജലസ്രോതസ്സുകളും ശുചീകരിക്കുന്നതിന് കുടിവെള്ള വിതരണ സമിതികൾ ജനങ്ങളെ അണിനിരത്തിയ സംഭവങ്ങൾ ഒട്ടനവധിയുണ്ട്. വലിയ ജലസംഭരണികളായ പാടങ്ങൾ സംരക്ഷിക്കാൻ തരിശായ പാടങ്ങൾളിൽ നെൽകൃഷി നടത്തി മാതൃകയായ സമിതികളും ജലനിധിക്കുണ്ട്. പച്ചക്കറി വിത്തു വിതരണം, വിഷരഹിത പച്ചക്കറി വിപണനം, പച്ചക്കറികളുടെ കൂട്ടുകൃഷി തുടങ്ങിയവ വിജയകരമായി സംഘടിപ്പിക്കാനും പല ശുദ്ധജലവിതരണ സമിതികൾക്കും കഴിയുന്നുണ്ട്. കൃത്യമായ കുടിവെള്ള വിതരണം നടത്തുക അതിനുള്ള ഫീസ് മാസം തോറും മീറ്റർ റീഡിംഗ് പ്രകാരം അംഗങ്ങളിൽ നിന്നും ശേഖരിച്ച് പ്രതിമാസ മീറ്റിംഗിൽ അതിന്റെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് പാസാക്കുക, ഫെഡറേഷന് മാസവരിയും പ്രതിമാസ റിപ്പോർട്ടും നൽകുക, വാർഷിക തെരഞ്ഞെടുപ്പും രജിസ്ട്രേഷൻ പുതുക്കലും കൃത്യമായി നടത്തുക എന്നിവ മാത്രമല്ല ശുദ്ധജല വിതരണ സമിതികളുടെ ദൗത്യമെന്ന് തെളിയിച്ചിരിക്കുകയാണ് പല ജലനിധി സമിതികളും. പ്രതിമാസ മീറ്റിംഗ് നടത്താനും വെള്ളക്കരം ശേഖരണത്തിനുമായി വില കൊടുത്ത് സ്ഥലം വാങ്ങി, ഓഫീസും മീറ്റിംഗ് ഹാളും നിർമ്മിച്ച് ഗ്രാമസഭകൾക്കും പൊതുപരിപാടികൾക്കും ഹാൾ വാടകയ്ക്ക് നൽകുന്ന നിരവധി മാതൃകകൾ ജലനിധി സമിതികൾ നൽകികഴിഞ്ഞു. കരുതൽ ധനം ഉപയോഗിച്ച് സ്ഥലം വാങ്ങി പുതിയ കിണർ നിർമ്മിച്ച് ജലലഭ്യത വർദ്ധിപ്പിച്ച സമിതികളും ഉണ്ട്. പമ്പിന് കേട് വന്നപ്പോൾ പുതിയ പമ്പ് സ്വന്തം ഫണ്ട് കൊണ്ട് വാങ്ങി ജലവിതരണം നടത്തുവാൻ നമ്മുടെ മിക്ക സമിതികൾക്കും സാധിക്കുന്നുണ്ട്. സ്രോതസ്സിൽ അധികം ജലം ഉള്ള സമിതികൾ സ്വന്തം ഫണ്ടോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ എം.പിയുടെയോ എം.എൽ.എ.യുടെയോ ആസ്തി വികസന ഫണ്ടോ ഉപയോഗിച്ച് പുതിയ ജലസംഭരണി പണിത് സമീപ മേഖലകളിൽ കുടിവെള്ളക്ഷാമം ഉള്ളവരിൽ നിന്നും അംഗത്വഫീസ് വാങ്ങി കുടിവെള്ള കണക്ഷൻ നൽകിയ സംഭവങ്ങൾ നിരവധിയാണ്.

പൈപ്പ് ലൈനിലെ അറ്റകുറ്റപ്പണികൾക്കായി ടൂൾ കിറ്റും സ്വന്തം വാഹനവും അടങ്ങിയ മൊബൈൽ റിപ്പയറിംഗ് യൂണിറ്റുള്ള സമിതികളും ജലനിധിക്കുണ്ട്. അതെ കേരളത്തിലെ പല ഗ്രാമങ്ങളിലും ജനകീയ വികസന മാതൃകകളാണ് ജലനിധി ശുദ്ധജലവിതരണ സമിതികൾ.

**ജസ്റ്റിൻ മാർട്ടിൻ**
സിറ്റിസൺ ജേർണലിസ്റ്റ്,
കൊഴുവനാൽ ജി.പി.

# ദൈവത്തിന്റെ സ്വന്തം നാട് നാളെയുടെ മരുഭൂമിയോ?

**സണ്ണി സെബാസ്റ്റ്യൻ**
സിറ്റിസൺ ജേർണലിസ്റ്റ്, മരങ്ങാട്ടുപള്ളി

ഏതാനും നാളുകൾക്ക്മുമ്പ് ഇന്ത്യയിലെ ഒരു സംസ്ഥാനത്തെ ജനങ്ങൾ കൊടിയ വരൾച്ചയെ തുടർന്ന് സ്വന്തം നാടും വീടും കൃഷിയിടങ്ങളും പക്ഷിമൃഗാദികളെയും ഉപേക്ഷിച്ച് പലായനം ചെയ്തതിനെക്കുറിച്ച് വായിച്ചപ്പോൾ അത് അവിടെയെല്ലേ എന്നു കരുതി നമ്മൾ അഹങ്കരിച്ചില്ലേ? ഇന്ത്യയിൽ ഏറ്റവും അധികം മഴപെയ്യുന്ന സംസ്ഥാനങ്ങളിൽ ഒന്നായ കേരളത്തെ ഇക്കുറി നവംബറിൽ തന്നെ വരൾച്ചബാധിതമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ? നമ്മുടെ ജലസമൃദ്ധമായ കിണറുകളും കുളങ്ങളും പുഴകളും തടാകങ്ങളും പഴങ്കഥ ആവുകയാണ്. ജലമെന്ന അമൂല്യ നിധി നമ്മൾക്ക് കൈമോശം വരികയാണോ? കുടിവെള്ളത്തിനായുള്ള പരക്കം പാച്ചിൽ നമ്മൾ ആരംഭിച്ചു കഴിഞ്ഞു. പ്രകൃതി നമുക്ക് കനിഞ്ഞു നൽകുന്ന മഴത്തുള്ളികളെ അറബിക്കടലിലേയ്ക്ക് ഒഴുക്കികളയാതെ നാളെയ്ക്കായി മണ്ണിലും ജലസ്രോതസ്സുകളിലും സംരക്ഷിക്കാൻ നമുക്കാവുമല്ലോ. മഴക്കുഴിയും, കനാലുകളും, ചെക്ക് ഡാമുകളും തീർത്ത് മഴവെള്ളത്തെ കരുതി വെയ്ക്കാൻ നമുക്ക് സാധിക്കും. മേൽക്കൂരയിലെ വെള്ളം ശുചീകരിച്ച് കിണറുകളിലോ മഴവെള്ള സംഭരണിയിലോ ശേഖരിക്കാം. നെൽക്കൃഷി നമുക്ക് ഭക്ഷ്യസുരക്ഷ മാത്രമല്ല ജല സുരക്ഷയും നൽകുന്നതിനാൽ തരിശായ നമ്മുടെ പാടങ്ങൾ കിളച്ചൊരുക്കി വിത്തെറിഞ്ഞ് കൃഷിയിടങ്ങളാക്കാം. നമ്മുടെ കായലുകളെയും തടാകങ്ങളെയും മാലിന്യങ്ങളിൽ നിന്നും കയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ച് ശുദ്ധജലസ്രോതസ്സുകളായി സൂക്ഷിക്കാം. ഞാനും നിങ്ങളും ഒന്നിച്ചണിനിരന്നാൽ നമ്മുടെ നാട് തന്നെയായിരിക്കും എന്നും ദൈവത്തിന്റെ സ്വന്തം നാട്. അല്ലെങ്കൽ ഈ നാട് നാളത്തെ മറ്റൊരു മരുഭൂമിയായി മാറ്റപ്പെടും. വരൂ നമ്മുടെ നാടിനായി നാടിന്റെ സംരക്ഷണത്തിനായി അണിചേരാം.

# പുഴ ഒഴുകുന്നു; അല്ല; ഒടുങ്ങുന്നു.



വിധുബാല ബാവിക്കര
പ്രസിഡണ്ട്
കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്ത്

"പ്രിയ വായനക്കാരാ നിങ്ങൾ എന്നെ കുറ്റപ്പെടുത്തരുത്" ഈ കഥ നിങ്ങൾക്ക് ഒട്ടും രസിച്ചില്ലെന്നു വരാം. എന്നാലും എനിക്ക് ഇത് നിങ്ങൾക്ക് തന്നേ പറ്റൂ.

"ജീവിതത്തെ തോണിയോടുപമിച്ച ജോണിച്ചേട്ടനെക്കുറിച്ച് പറയാതെ, കോമൻവൈദ്യരുടെ വൈദ്യശാലയിൽ ശ്വാസം മുട്ടലോടെ ഏങ്ങിവലിച്ചു നിൽക്കുന്ന പാറുവേട്ടത്തിയെക്കുറിച്ച് പറയാതെ, പതഞ്ഞൊഴുകുന്ന പയസ്വിനിയുടെ തീരത്ത് രാവോളം കണ്ണും നട്ട് കാളയുമായി നിൽക്കുന്ന അന്തുമാനിച്ചാനെക്കുറിച്ച് പറയാതെ എങ്ങനെ ഞാൻ പയസ്വിനിയുടെ പാറപ്പുറം ഉയർന്നുനിൽക്കുന്നതിനെപ്പറ്റി പരിതപിക്കും?

അതിരുകളില്ലാത്ത ആകാശത്ത് ചാറ്റൽ മഴ സ്വപ്നം മാത്രമായതെന്തേ?

'ഭഗോതി' കോപിച്ചതുകൊണ്ട് മഴ പെയ്യില്ലാന്ന് കാർന്നോമ്മാര് അടക്കം പറഞ്ഞൂത്രേ.... അതിന് പരിഹാരം ഉണ്ട് പോലും" ഭഗോതിയുടെ തിരുമുടി ഭണ്ഡാരപ്പുരയ്ക്കകത്ത് ഉരുട്ടിയാടണംപോലും. തിരുമുറ്റത്ത് നൃത്തം ചവിട്ടി കൊടിയിലയും മഞ്ഞപ്പൊടിയും വാരിവിതറി പള്ളിവാൾ നീട്ടി വീശിയാൽ മാത്രേ മഴ പെയ്യൂന്ന് ജ്യോത്സ്യൻ കണാരൻ അച്ചട്ടമായി പറഞ്ഞൂത്രേ.

ചിരിക്കാനായി തോന്നിയെങ്കിലും ചിരിച്ചാലും ഇത്തരം പ്രവചനങ്ങൾ ഇപ്പോ ഈ അടുത്ത കാലത്തായ് ശീലമായിത്തുടങ്ങി.

അതാ... ഇപ്പോൾത്തന്നെ നിങ്ങൾ നോക്ക് ചത്തുമലച്ച എലിയുടെ മണവും പേറി ഉറുമ്പ് പോകുന്നതുപോലെ പൂഴി നിറച്ച ലോറികൾ... കടന്നുപോവുന്നു. നൂറ്റാണ്ട് മുമ്പ് ഉണ്ടാക്കിയ ജോണിച്ചേട്ടന്റെ തോണിയുടെ അവശിഷ്ടം ഉണങ്ങിമരിച്ച പഴയ മൂവാണ്ടൻ മാവിന്റെ ചുവട്ടിൽ അനാഥനെപ്പോലെ ഒറ്റപ്പെട്ടു നിൽക്കുന്നു.

ഇപ്പോൾ ശൂന്യതയിലേക്ക് നോക്കാനാണ് ഏറെ ഇഷ്ടം. കാഴ്ചകളൊക്കെ കപടതയിലവസാനിക്കുന്നതു കൊണ്ടാവാം... എന്നും കഥയുടെ ബീജങ്ങൾ എറിഞ്ഞു തന്നത് പയസ്വനിയുടെ കുഞ്ഞോളങ്ങളും ജോണിച്ചേട്ടന്റെ തോണിയും തുഴയുമായിരുന്നു. ചിമ്മിനി വിളക്കിന്റെ അരണ്ടവെളിച്ചത്തിൽ ഉമ്മറത്ത് ചമ്രം പടിഞ്ഞിരുന്ന് കെ.ടിയുടെ നാടകങ്ങളും ബഷീറിന്റെ കഥകളും, മാധവിക്കുട്ടിയുടെ കുളിര് കോരുന്ന പ്രണയകഥകളും വായിച്ചു തുടങ്ങിയപ്പോൾ ഏറ്റവും ആഗ്രഹിച്ചത് പ്രേംനസീർ സിനിമകളിൽ കാണുന്നതുപോലെ സുന്ദരിയായ കാമിനിയെയും കൂട്ടി ജോണിച്ചേട്ടനെപ്പോലെ അലസമായൊഴുകുന്ന പയസ്വനിയുടെ കുഞ്ഞോളങ്ങളെ വേദനിപ്പിക്കാതെ തുഴഞ്ഞ് തുഴഞ്ഞ്.... പക്ഷേ, എവിടെ?

പയസ്വിനിയുടെ കുഞ്ഞോളങ്ങൾക്ക് രാവോളം കാവലിരുന്ന അന്തുമാനിച്ചന്റെ മോൻ പുലരുവോളം കാവലിരുന്നു പയസ്വിനിക്ക്...ലോറികളിൽ നിറയ്ക്കുന്ന മണലുകൾക്കു വേണ്ടി.....

വൈദ്യശാലയിൽ വിൽക്കാനുള്ള മരുന്ന് ചെടികൾ പുഴക്കരയിലിരുവശവും നട്ട് തണുപ്പ് നൽകിയ കോമൻ വൈദ്യരുടെ മോൻ പുഴയിടിച്ച് റിസോർട്ട് പണിത് പുഴയെ സ്നേഹിച്ചു.

പുഴയെ മലിനമാക്കാൻ നടന്ന പോക്കിരി പിള്ളേരെ നാവ് കൊണ്ട് നേരിട്ട പാറുവേട്ടത്തിയുടെ പിൻമുറക്കാർ മലിനജലം തുറന്ന് വിട്ട് മാതൃകയായി.

"നിനക്ക് വേറെ പണിയില്ലേ ചെക്കാ എപ്പളും ഈ പുത്തകം കൊണ്ട് ഈട വന്ന് മേലോട്ടോക്കിനെരങ്ങുന്ന്? പൊഴേല് ആണോടാ നെന്റെ ആസനം?

" ആ ആരവം വീണ്ടും... വീണ്ടും....

പയസ്വിനിയുടെ പാറപ്പുറം വീണ്ടും വീണ്ടും തിളങ്ങുന്നു. പൊട്ടൻ ദൈവത്തിന്റെ ചൂട്ട് പുരയിൽ നിന്ന് ബാല്യക്കാർ ചൂട്ടുമായി പുഴയുടെ നടുവിലൂടെ... ചരലുകൾ ഞെരിഞ്ഞമർന്ന് ഇക്കിളിപൂണ്ട് ചിരിക്കുന്നു..... പഴയകഥയുടെ പഴകി ദ്രവിച്ച ഏട്ടിൽ ഒരു തിരുത്തൽ"

'പുഴ ഒഴുകുന്നു അല്ല ഒടുങ്ങുന്നു".

ജലതരംഗം ദ്വൈമാസികയുടെ തുടർന്ന് വരുന്ന പ്രസിദ്ധീകരണങ്ങൾക്ക് ക്രിയാത്മകവും ആകർഷകവുമായ സൃഷ്ടികൾ ക്ഷണിക്കുന്നു. സൃഷ്ടികൾ editorjalatharangam@gmail.com എന്ന ഇ-മെയിൽ അഥവാ ദി എഡിറ്റർ, ജലതരംഗം ദ്വൈമാസിക
IVth Floor, PTC Tower, SS Kovil Road
Thiruvananthapuram - 695 001
എന്ന വിലാസത്തിലും അയക്കാവുന്നതാണ്.

**ചീഫ് എഡിറ്റർ**
എ.ആർ. അജയകുമാർ IAS
എക്സിക്യൂട്ടീവ് ഡയറക്ടർ

**എഡിറ്റർ**
എം. പ്രേംലാൽ
ഡയറക്ടർ HRD

**എഡിറ്റോറിയൽ ബോർഡ്**
കെ.എൻ. സുരേഷ് ബാബു
ഡെപ്യൂട്ടി ഡയറക്ടർ HRD

രാഹുൽ യു.എസ്.
ഡെപ്യൂട്ടി ഡയറക്ടർ IEC

ഒ.പി. അബ്രഹാം
IEC കൺസൽട്ടന്റ്

ജിജോ ജോസഫ്
IEC കൺസൽട്ടന്റ്

യോഹന്നാൻ എ.
IEC കൺസൽട്ടന്റ്

**ഉപദേശകസമിതി**
കെ. ശ്യാമള
ഡയറക്ടർ, എഫ് & എ

കെ. മോഹൻ
ഡയറക്ടർ, ടെക്നിക്കൽ

വി.എൽ. മോഹൻകുമാർ
ഡയറക്ടർ, ഓപ്പറേഷൻസ്

അരുൺരാജ് എസ്.
ഡയറക്ടർ എം&ഇ

**പ്രസിദ്ധീകരണ ഏകോപനം**
രാഹുൽ യു.എസ്.
ഡപ്യൂട്ടി ഡയറക്ടർ IEC

Published by A.R. Ajayakumar IAS, Executive Director, Kerala Rural Water Supply and Sanitation Agency (KRWSA)
IIIrd Floor, PTC Towers, SS Kovil Road, Thiruvananthapuram 695001, Ph: 04712337002, 2337003, 2337004, 2337005, 2337006
E-mail: krwsahrdteam@gmail.com, www.jalanidhi.kerala.gov.in
Printed at Pravasi Prints Pvt. Ltd., Malappuram, Ph: 0483 2735696